St. Thomas College, Ranni
PAZHAVANGADI P.O., RANNI, KERALA, INDIA - 689 673
Re-Accredited at B Level by NAAC
(Affiliated to Mahatma Gandhi University, Kottayam, Kerala)
e-mail:- stcranni@gmail.com, www.stc.ranni.ac.in Ph : 8301057965

Date: ..............................

**To whomsoever it may concern**

This is to certify that the Department level external audit for the period from 01/06/2019 to 31/05/2021 was conducted by the office of the Deputy Director, Deputy Directorate of Collegiate Education, Kottayam, the report of which was submitted to the college upon completion of the audit. The College provided clarifications for all the queries raised in the report within 14 days from the date of receipt of the audit report.

ST. THOMAS COLLEGE ✶ PAZHAVANGADI ✶ RANNI

Principal
St. Thomas College
Pazhavangadi P.O., Ranni

ഇ3/7566/2021

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, കോട്ടയം
ഇ.മെയിൽ: dydcektm.colledn@kerala.gov.in
ഫോൺ: 0481 2563317
തീയതി. 06.10.2021

കോളേജ് വിദ്യാഭ്യാസ ഉപഡയറക്ടർ

പ്രിൻസിപ്പൽ
സെന്റ് തോമസ് കോളേജ്
റാന്നി.

സർ/മാഡം,

വിഷയം:- **കോളേജ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കോട്ടയം - സെന്റ് തോമസ് കോളേജ്, റാന്നി - 01/06/2019 മുതൽ 31/05/2021 വരെയുള്ള കാലയളവിലെ വകുപ്പുതല പരിശോധനാ റിപ്പോർട്ട് - അയയ്ക്കുന്നത് സംബന്ധിച്ച്**

സൂചന:- ഈ കാര്യാലയത്തിലെ 10.08.2021 തീയതിയിലെ ഇ2/868/2021 നമ്പർ ഉത്തരവ്

താങ്കളുടെ കോളേജിലെ 01/06/2019 മുതൽ 31/05/2021 വരെയുള്ള കാലയളവിലെ വകുപ്പുതല പരിശോധനാ റിപ്പോർട്ട് ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. ടി റിപ്പോർട്ടിൻമേലുള്ള മറുപടി റിപ്പോർട്ട് ലഭിച്ച് 14 ദിവസത്തിനകം അനുബന്ധ രേഖകൾ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡോ. പ്രകാഷ് ആർ
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതലയുള്ള അസോസ്സിയേറ്റ് പ്രൊഫസർ.

O/O THE DEPUTY DIRECTOR OF COLLEGIATE EDUCATION KOTTAYAM-1

എ.എം/24.11.2021

# വകുപ്പുതല പരിശോധന റിപ്പോർട്ട്

## സെന്റ് തോമസ് കോളേജ്, റാന്നി

വകുപ്പുതല പരിശോധനാ കാലയളവ് - 01.06.2019 മുതൽ 31.05.2021 വരെ

വകുപ്പുതല പരിശോധന നടത്തിയ തീയതി - 16.09.2021 18.09.2021

വകുപ്പുതല പരിശോധന അവലോകനം നടത്തിയ തീയതി - 18.09.2021

**വകുപ്പുതല പരിശോധന നടത്തിയ ഉദ്യോഗസ്ഥർ**

1. ശ്രീ. ബാബു എം. പി, സീനിയർ സൂപ്രണ്ട്.
2. ശ്രീ. ഷൈൻ കെ. എസ് , ജൂനിയർ സൂപ്രണ്ട്.
3. ശ്രീമതി കലാദേവി സി. ആർ, സീനിയർ ക്ലാർക്ക്.
4. ശ്രീമതി ബിൻസി ജോർജ്ജ്, സീനിയർ ക്ലാർക്ക്.

വകുപ്പുതല പരിശോധന അവലോകനം നടത്തിയ ഉദ്യോഗസ്ഥൻ -
ശ്രീ. ബാബു എം. പി,

**വകുപ്പുതല പരിശോധന കാലഘട്ടത്തിലെ ഉത്തരവാദിത്തപ്പെട്ട കോളേജ് ഭരണാധികാരികൾ**

പ്രിൻസിപ്പൽ - 1. ഡോ. ലതാ മെറീന വർഗ്ഗീസ്
(01.06.2019 - 31.03.2020)
മേനായത്തിൽ, പുല്ലൂപ്രം പി.ഒ,
വരവൂർ , റാന്നി.
ഫോൺ: 9446978383
2. ഡോ. ഏലിയാമ്മ കുരുവിള
(01.04.2020 - 31.03.2023)

ജൂനിയർ സൂപ്രണ്ട് - ശ്രീ. മോൻസി എ. യു
( 01.04.2019 - 31.05.2021)
ഐക്കാട്ട്, അങ്ങാടി പി. ഒ, റാന്നി.
ഫോൺ: 9495554448

ഹെഡ് അക്കൗണ്ടന്റ് - ശ്രീ. ജെയിംസ് ഉതുപ്പാൻ
( 01.06.2019 - 31.10.2019)
നെടുവേലിൽ, മക്കപ്പുഴ പി. ഒ, പാച്ചേരി
ഫോൺ: 9447146368
2. എം. റ്റി തോമസ്
( 01.11.2019 - 31.05.2025)

ലൈബ്രേറിയൻ - ശ്രീമതി ജെന്നി ജോസഫ് എ
01.06.2019 മുതൽ തുടരുന്നു.

## ഭാഗം -1

**മുൻപരിശോധനാ റിപ്പോർട്ടുകൾ**

**a. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട്**

ഏത് വർഷം വരെ പൂർത്തിയായിട്ടുണ്ടെന്നും , തടസ്സവാദങ്ങൾ എല്ലാം തീർപ്പാക്കിയിട്ടുണ്ടോ എന്നും മറുപടിയോടൊപ്പം റിപ്പോർട്ട് ചെയ്യുക.

**b. വകുപ്പുതല പരിശോധനാ റിപ്പോർട്ടുകൾ**

തടസ്സവാദം നിലനിൽക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടി നൽകി തീർപ്പാക്കേണ്ടതാണ്.

## ഭാഗം 2

**A. ഗുരുതരമായ കൃത്യവിലോപങ്ങൾ - ഇല്ല**

**B. ക്യാഷ്ബുക്ക്**

**1. ക്യാഷ് ബാലൻസ്**

1. 17.09.2021 ലെ ക്യാഷ് ബാലൻസ് പരിശോധിച്ചു. 543857/-രൂപ ക്യാഷ് ബാലൻസ് ആയി അവശേഷിക്കുന്നു. Break -up ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Special fee | - | Rs. 80084/- |
| Caution Money | - | Rs. 49915/- |
| Refundable Spl . Fee | - | Rs. 32219/- |
| Refundable T F Fee | - | Rs. 5100/- |
| Exam expense account | - | Rs. 75707/- |
| University exam fee account | - | Rs. 277767/- |
| GST | - | Rs. 490/- |
| T. F & fine | - | Rs. 21020/- |
| Late Fee TC | - | Rs. 55/- |
| Revenue Account | - | Rs. 725/- |
| Library books fine | - | Rs. 195/- |
| Reg. fee & management | -` | Rs. 580/- |
| | | -------------- |
| Grant total | | Rs. 543857/- |

50,000/- രൂപയിൽ അധികം തുക ക്ലോസ്സിംഗ് ബാലൻസ് ആയി ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കാൻ പാടുള്ളതല്ല. എന്നാൽ എല്ലാ ദിവസങ്ങളിലും ലക്ഷത്തിൽ അധികം തുക ക്ലോസ്സിംഗ് ബാലൻസ് ആയി സൂക്ഷിച്ചിരിക്കുന്നു. യഥാസമയം വിനിയോഗം നടത്താതെ ഇത്രയധികം തുകകൾ കൈവശം സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

**ക്യാഷ്ബുക്ക് പരിശോധനയിൽ ബോധ്യപ്പെട്ട മറ്റ് വിവരങ്ങൾ.**

1. T R 7(A) മാതൃകയിലുള്ള സർക്കാർ ക്യാഷ്ബുക്ക് തന്നെ പരിപാലിക്കേണ്ടതാണ്.
2. 25.07.2019 മുതൽ28.07.2019 വരെയുള്ള വരവ് ചിലവ് കണക്ക് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.
3. 20.09.2019ന് ശേഷം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 24.09.2019നാണ്.
4. 04.10.2019 ന് ശേഷം 09.10.2019നാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തൽ ഉള്ളത്. ഇത് പോലെ പല ദിവസങ്ങളിലും ക്യാഷ്ബുക്കിൽ ട്രാൻസാക്ഷൻ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

   വരവ് ചിലവുകൾ ഇല്ല എങ്കിൽ 'No transaction' അവധി ദിവസങ്ങൾ ആണെങ്കിൽ ' Holiday' എന്ന് രേഖപ്പെടുത്തി പ്രിൻസിപ്പാൾ ഒപ്പ് വയ്ക്കേണ്ടതാണ്.
5. താഴെ പറയുന്ന തീയതികളിൽ 2 തവണ ക്യാഷ്ബുക്ക് എഴുതിയിരിക്കുന്നു.

   07.12.2019
   10.01.2020
   28.02.2020
   17.06.2020
   30.06.2020
   04.08.2020
   11.08.2020
   18.09.2020
   30.09.2020
   13.11.2020
   31.12.2020
   12.03.2021

   ഒരേ ദിവസം 2 തവണ ക്യാഷ്ബുക്ക് എഴുതിയതിന് വിശദീകരണം നൽകേണ്ടതാണ്.

6. ക്യാഷ്ബുക്കിൽ വരവ് ഇല്ലാത്ത ദിവസങ്ങളിൽ Receipt - NIL എന്നും ചിലവില്ലാത്ത ദിവസങ്ങളിൽ Expenditure - NIL എന്നും രേഖപ്പെടുത്തേണ്ടതാണ്. ക്യാഷ്ബുക്കിൽ ചിലവ് ഭാഗത്ത് Total,Closing Balance, Grand Total എന്ന ക്രമത്തിൽ വേണം രേഖപ്പെടുത്തേണ്ടത്.
7. ക്ലോസ്സിംഗ് ബാലൻസിന്റെ 'Break - up' രേഖപ്പെടുത്തുന്നതിൽ വ്യക്തതയില്ല.
8. രസീത് ബുക്ക് മുഖേന ശേഖരിക്കുന്ന മുഴുവൻ തുകയും ക്യഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 01.06.2019 ന് രസീത് ബുക്ക് മുഖേന ശേഖരിച്ച തുക

11231/- രൂപയാണ്. എന്നാൽ ക്യാഷ്ബുക്കിൽ 10771/- രൂപയാണ് ദിവസം വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് പോലെ 07.06.2019ന് രസീത് ബുക്കിൽ 72737 ക്യാഷ്ബുക്കിൽ 71777/- 11.06.2019 ൽ രസീത് ബുക്കിൽ 103863 ക്യാഷ്ബുക്കിൽ 103563/-
ഇത് പോലെ പല ദിവസങ്ങളിലും ക്യാഷ്ബുക്കും, ഡി. എഫ്. സി. ആറും, രസീത് ബുക്കും തമ്മിൽ യോജിക്കുന്നില്ല. രജിസ്ട്രേഷൻ ഫീ ഇനത്തിൽ ശേഖരിക്കുന്ന തുകയിൽ മാനേജ്മെന്റ് വിഹിതം കുറവ് ചെയ്തിട്ടുള്ള തുകയാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ചെയ്യാൻ പാടില്ല. രസീത് ബുക്ക് മുഖേന ശേഖരിക്കുന്ന ആകെ തുകയാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടത്.

9. രസീത് ബുക്ക് മുഖേന ശേഖരിക്കുന്ന തുക ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുമ്പോൾ രസീത് ബുക്കിൽ അന്നേ ദിവസത്തെ ആദ്യ രസീത് നമ്പർ അവസാന രസീത് നമ്പർ അല്ലെങ്കിൽ ഡി.എഫ്.സി.ആർ പേജ് നമ്പർ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി ആകെ തുക മാത്രം വരവ് ഭാഗത്ത് രേഖപ്പെടുത്തിയാൽ മതിയാകും. ടി തുകയുടെ പിരിവുകൾ ചിലവ് ഭാഗത്താണ് രേഖപ്പെടുത്തേണ്ടത്. (ബന്ധപ്പെട്ട ചെലാൻ വിവരങ്ങൾ അക്വിറ്റൻസ് വിവരങ്ങൾ എന്നിവ സഹിതം ).
10. ഇ- ഗ്രാന്റ്സിൽ നിന്നും ചെക്ക് മുഖേന പിൻവലിക്കുന്ന ആകെ തുകയാണ് ക്യാഷ്ബുക്കിൽ വരവ് ഭാഗത്ത് രേഖപ്പെടുത്തേണ്ടത്. പല ദിവസങ്ങളിലും ചെക്ക് മുഖേന പിൻവലിക്കുന്ന തുകയുടെ പിരിവുകൾ രേഖപ്പെടുത്തിയിരിക്കുന്നു. തുകയുടെ പിരിവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലാണ് രേഖപ്പെടുത്തേണ്ടത്.
11. ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുമ്പോൾ വെട്ടിത്തിരുത്തലുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
12. ക്യാഷ്ബുക്കിൽ ബന്ധപ്പെട്ട ചെക്കുകൾ, ചെലാനുകൾ, അക്വിറ്റൻസ് വിവരങ്ങൾ, വൗച്ചറുകൾ എന്നിവ സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ മതിയാവും. വിശദീകരിച്ച് എഴുതേണ്ടതില്ല. (ഉദാ: ജീവനക്കാരുടെ പേരുകൾ, വിദ്യാർത്ഥികളുടെ പേരുകൾ, ക്ലാസ്സുകൾ മുതലായവ).

## 2. രസീത് ബുക്ക്

രസീത് ബുക്ക് ക്ലോസ്സ് ചെയ്യുമ്പോൾ പ്രിൻസിപ്പാളിന്റെ ഒപ്പിനൊപ്പം സെക്ഷൻ ക്ലാർക്ക്, എച്ച്. എ, സൂപ്രണ്ട് എന്നവരുടെ ഇൻഷ്യൽ കൂടി ചേർക്കേണ്ടതാണ്.

23.12.2020 തീയതിയിലെ രസീത് ബുക്കിലെ തുകകൾ കൂട്ടിയെഴുതിയിട്ടില്ല. ആയതിന്റെ വിശദീകരണം നൽകേണ്ടതാണ്.

18.11.2020 തീയതിയിൽ രസീത് ബുക്കിലെ തുക 69096/- എന്നും അന്നേ ദിവസം ഡി. എഫ്.സി.ആറിലെ തുക 6750/- എന്നും കാണുന്നു. വ്യത്യാസം നിലനിൽക്കുന്നതിന്റെ വിശദീകരണം നൽകേണ്ടതാണ്.

രസീത് ബുക്കിൽ 25.02.2021 തീയതിയിൽ 10374/- രൂപ ശേഖരിച്ചിട്ടുണ്ട്. എന്നാൽ ഡി. എഫ്. സി ആർ പ്രകാരം ടി തുക ശേഖരിച്ചത് 24/02/2021 എന്നാണ് കാണുന്നത്. ആയതിന്റെ വിശദീകരണം നൽകേണ്ടതാണ്.

3. <u>ഡി. എഫ്. സി. ആർ</u>

പരിശോധിച്ചു. പരാമർശമില്ല.

4. <u>ട്രഷറി ബിൽ ബുക്ക്</u>

പരിശോധിച്ചു. ഇ- ബിൽ ബുക്ക് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നുണ്ട്. പരാമർശമില്ല.

5. <u>അക്വിറ്റൻസ്</u>

പരിശോധിച്ചു. 07.09.2019 തീയതിയിൽ അനധ്യാപക ജീവനക്കാരുടെ ഡി. എ അരിയർ 41411/- രൂപയുടെ അക്വിറ്റൻസ് ലഭ്യമല്ല. ആയത് ഹാജരാക്കുക.

6. <u>ചലാൻ</u>

പരിശോധിച്ചു. 11/06/2020 തീയതിയിൽ യൂണിവേഴ്സിറ്റി ഫീ ഇനത്തിൽ അടവാക്കിയ 10000/- രൂപയുടെ ചലാൻ ലഭ്യമല്ല. ആയത് ഹാജരാക്കുക.

7. <u>ചലാൻ രജിസ്റ്റർ</u>

ഒരു രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ചലാൻ അടവാക്കിയ തീയതി , ചലാൻ നമ്പർ, അടവാക്കിയ ശീർഷകം, ആകെ തുക എന്നിവ കാണിക്കുന്ന രീതിയിൽ വേണം പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടത്

8. <u>ടി.സി</u>

ടി.സി പരിശോധിച്ചു. വിദ്യാർത്ഥികൾ ടി.സി കൈപ്പറ്റുമ്പോൾ ഒപ്പിനൊപ്പം തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.

ടി.സി നമ്പർ - 34929

അഡ്മിഷൻ നമ്പർ - 33655

Sanit Sabu

അഡ്മിഷൻ തീയതി - 13.07.2015

വിടുതൽ തീയതി 31.03.2018

ടി.സി ഇഷ്യു ചെയ്തത് - 14.06.2019

ലേറ്റ് ടി.സി ഫൈൻ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാർ ഖജനാവിൽ ഒടുക്കി ചെലാൻ ഹാജരാക്കുക.

9. <u>ടേം ഫീ രജിസ്റ്റർ</u>

പരിശോധിച്ചു. ഫീസ് ട്രഷറിയിൽ ഒടുക്കിയ ചലാന്റെ വിവരങ്ങൾ ടി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

10. <u>അഡ്മിഷൻ രജിസ്റ്റർ</u>

രജിസ്റ്റർ പരിശോധിച്ചു. പല പേജുകളിലും വൈറ്റനർ ഉപയോഗിക്കുന്നു. ആയത് അനുവദനീയമല്ല. അഡ്മിഷൻ ക്ലോസ്സ് ചെയ്യുമ്പോൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ഉത്തരവ് കൂടി ചേർക്കേണ്ടതാണ്. കൂടാതെ ടി.സി

വിദ്യാർത്ഥികൾക്ക് ഇഷ്യു ചെയ്യുമ്പോൾ സീരിയൽ നമ്പർ/അഡ്മിഷൻ നമ്പർ ചുവന്ന മഷിക്ക് റൗണ്ട് ചെയ്യേണ്ടതാണ്.

11. <u>ഫീ കുടിശ്ശിക ലിസ്റ്റ്</u>

ടി ലിസ്റ്റ് പ്രകാരമുള്ള കുട്ടികളിൽ നിന്നും ഫീസ് ശേഖരിച്ചതായി കാണുന്നില്ല. ആയത് ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12. <u>കോഷൻ ഡിപ്പോസിറ്റ് വിതരണ രജിസ്റ്റർ</u>

പരിശോധിച്ചു. റ്റി.സി വിതരണം ചെയ്യുന്നതോടൊപ്പം തന്നെ കോഷൻ ഡിപ്പോസിറ്റും വിതരണം ചെയ്യേണ്ടതാണ്.

13. <u>കോഷൻ ഡിപ്പോസിറ്റ് കൺസോളിഡേറ്റഡ് രജിസ്റ്റർ</u>

കോഷൻ ഡിപ്പോസിറ്റ് വിതരണ രജിസ്റ്ററിന്റെ പേജ് നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 41995/- രൂപ കൂടി എത്രയും വേഗം വിതരണം ചെയ്യേണ്ടതാണ്.

14. <u>കോഷൻ ഡിപ്പോസിറ്റ് ചെക്ക് ബുക്ക്</u>

19.02.2020 ചെക്ക് നം. 2275237 ക്യാൻസൽ ചെയ്തിട്ടുണ്ട്. പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15. <u>ഇ-ഗ്രാന്റ്സ്</u>

1. 11.09.2021 തീയതിയായി ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ 4,25,552/- രൂപ അവശേഷിക്കുന്നു. ടി തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കി പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. ഇ- ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്നും താഴെപറയുന്ന തുകകൾ ബാങ്ക് ഈടാക്കിയതായി കാണുന്നു.

| | | | |
|---|---|---|---|
| 12.03.2020 | A/c keeping charge | - | 649/- |
| 18.05.2020 | debit | - | 5.50/- |
| 12.03.2021 | A/c keeping charge | - | 654.50/- |
| 21.01.2021 | MCC Issue | - | 178.50/- |

ഈ അക്കൗണ്ടിൽ അനുവദിക്കുന്ന തുകകൾ വിദ്യാർത്ഥികൾക്കുള്ള ഫീസാനുകൂലമായതിനാൽ ടി അക്കൗണ്ടിൽ നിന്നും പിൻവലിച്ച മേൽപറഞ്ഞ തുകകൾ തിരികെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനായി ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. ഇ- ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന പിൻവലിക്കുന്ന തുകയുടെ വിതരണം സംബന്ധിച്ച് ക്യാഷ്ബുക്കിൽ ചിലവ് ഭാഗത്ത് രേഖപ്പെടുത്തുമ്പോൾ ബന്ധപ്പെട്ട ചെലാൻ , അക്വിറ്റൻസ് ( കാറ്റഗറി,

വാല്യം നമ്പർ, പേജ് നമ്പർ) വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വിവിധ ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ഒന്നിച്ച് കൂട്ടി എഴുതുവാൻ പാടില്ല. ഓരോ ചെക്ക് മുഖേനയും പിൻവലിക്കുന്ന തുക ചെക്ക് നം. സഹിതം ക്യാഷ്ബുക്കിന്റെ വരവ് ഭാഗത്ത് രേഖപ്പെടുത്തുക.

4. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക ക്ലോസ്സിംഗ് ബാലൻസ് ബ്രേക്ക് അപ്പ് ൽ രേഖപ്പെടുത്തുമ്പോൾ ടി തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. രസീത് ബുക്ക് മുഖേന ശേഖരിക്കുന്ന തുകയോടൊപ്പം കൂട്ടി എഴുതുവാൻ പാടില്ല. കൂടാതെ ടി തുകയുടെ പിരിവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട അക്വിറ്റൻസ് വിവരങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതാണ്.
5. ഇ- ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്നും ഒരു ചെക്ക് മുഖേന പിൻവലിക്കുന്ന തുക വിതരണം പൂർത്തിയാക്കുന്നതിന് മുൻപായി വീണ്ടും തുക പിൻവലിക്കുകയും, മുൻപ് പിൻവലിച്ചിട്ടുള്ള തുകയുമായി ടി തുക കൂട്ടിച്ചേർത്ത് അക്കൗണ്ട് ക്രമമല്ലാതെ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. അത് മൂലം പരിശോധനയ്ക്ക് ബുദ്ധിമുട്ട് നേരിടുന്നു.
6. ചെക്ക് മുഖേന തുക പിൻവലിക്കുന്നതിന് മുൻപായി പിൻവലിക്കേണ്ടുന്ന തുകയുടെ പിരിവുകൾ ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതായി കാണുന്നില്ല.
7. യൂണിവേഴ്സിറ്റിയ്ക്ക് അടയ്ക്കേണ്ടുന്ന തുകകൾ യഥാസമയം ഒടുക്കാതെ ക്യാഷ്ബുക്ക് ക്ലോസ്സിംഗ് ബാലൻസിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.
8. ഇ- ഗ്രാന്റ്സ് സംവിധാനം കൈകാര്യം ചെയ്യുന്നതിനായി ഒരു രജിസ്റ്റർ നിർബന്ധമായും പാലിക്കേണ്ടതാണ്. രജിസ്റ്ററിന്റെ മാതൃക ഈ റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തുന്നു.
9. ഓഡിറ്റ് കാലയളവിൽ ഇ- ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചിട്ടുള്ള തുകകൾ ക്യാഷ്ബുക്കിൽ വരവ് വച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചിലവ് സംബന്ധിച്ച് ബന്ധപ്പെട്ട അക്വിറ്റൻസ് വിവരങ്ങൾ, ചെലാൻ വിവരങ്ങൾ എന്നിവ ചിലവ് ഭാഗത്ത് പരിശോധനയ്ക്ക് തക്ക വിധം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ 01.06.2019 മുതൽ 31.305.2021 വരെയുള്ള കാലയളവിൽ പിൻവലിച്ചിട്ടുള്ള തുകകൾ ചെക്ക് നം, തുകയുടെ പിരിവുകൾ അടവാക്കിയ ശീർഷകങ്ങൾ, അക്വിറ്റൻസ് വിവരങ്ങൾ, ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ സഹിതം വ്യക്തമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.
10. ഇ- ഗ്രാന്റ്സ് സംവിധാനം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ കണക്കിലെടുത്ത് ഭാവിയിൽ താഴെ പറയും പ്രകാരം ഒരു അക്കാദമിക് വർഷത്തിലെ പ്രവർത്തികൾ പൂർത്തീകരിക്കണമെന്ന് അറിയിക്കുന്നു.

16. **ഫീ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ**

ഭൗതിക പരിശോധനയിൽ ഒരു ബുക്ക് ബാക്കി നിൽക്കുന്നു. സ്റ്റോ... രജിസ്റ്ററുമായി ഒത്തുനോക്കി. ശരിയാണെന്ന് ബോധ്യപ്പെട്ടു.

17. **ഇൻക്രിമെന്റ് രജിസ്റ്റർ**

അധ്യാപകർക്കും അനധ്യാപകർക്കുമായി ഒറ്റ രജിസ്റ്റർ പരിപാലിക്കുന്നു. രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുമ്പോൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ ജീവനക്കാർക്കും ഓരോ പേജ് എന്ന രീതിയിൽ രജിസ്റ്റർ പരിപാലിക്കുന്നു. ഇൻക്രിമെന്റ് അനുവദിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ നടത്തി (കെ. എഫ്.സി 9 എ) രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

18. **സേവനപുസ്തക രജിസ്റ്റർ**

പരിപാലിക്കുന്നുണ്ട്. വ്യക്തതയോടെ കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

19. **എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ**

**അധ്യാപകർ**

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഉദാ: പ്രൊബേഷൻ സംബന്ധിച്ച വിവരങ്ങൾ , First appointment ഉത്തരവ് മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രിൻസിപ്പാൾ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**അനധ്യാപകർ**

രജിസ്റ്ററിൽ എല്ലാ ജീവനക്കാരുടെയും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

20. **SLI/GIS പാസ്സ് ബുക്കുകൾ**

രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നുണ്ട്. പരാമർശമില്ല.

21. **പേ ബിൽ രജിസ്റ്റർ**

രജിസ്റ്റർ പരിപാലിക്കുന്നില്ല. TR 51(B) യിൽ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതാണ്.

22. **അറ്റൻഡൻസ് രജിസ്റ്റർ**

പരിശോധിച്ചു . 'Lock down' കാലയളവ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. WFH രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. പരാമർശമില്ല.

23. ഡി.സി.ബി

ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 06/21 തീയതിയിൽ 13,20,676.50/- രൂപ ട്യൂഷൻ ഫീ ഇനത്തിൽ അവശേഷിക്കുന്നു. ടി തുക എത്രയും വേഗം ശേഖരിച്ച് സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

24. സേവനപുസ്തകങ്ങൾ

40 അധ്യാപകരുടെ സേവനപുസ്തകങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എല്ലാ അധ്യാപകരുടെയും സേവനപുസ്തകങ്ങളിൽ G. O (P) No. 169/2019 dated 13.12.2019 തീയതി പ്രകാരമുള്ള undertaking 30.09.2020 തീയതിക്ക് മുമ്പായി ചേർത്തിട്ടില്ല. കൂടാതെ 30.06.2010 ന് ശേഷമുള്ള ആർജ്ജിതാവധി കണക്കാക്കി ആയതിന്റെ നടപടിക്രമം പുറപ്പെടുവിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല..

അനധ്യാപക ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

25. ലൈബ്രറി അക്സഷൻ രജിസ്റ്റർ

ലൈബ്രറി അക്സഷൻ രജിസ്റ്റർ പ്രകാരം 34047 ബുക്കുകൾ ലൈബ്രറിയിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. വാർഷിക പരിശോധന 2021 റിപ്പോർട്ട് പ്രകാരം ബുക്കുകൾ ഒന്നും നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല.

26. ലൈബ്രറി ഫൈൻ

2020,2021 വർഷങ്ങളിലായി ലൈബ്രറി ഫൈൻ ഇനത്തിൽ 10,062/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കാനുണ്ട്. ടി തുക ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

27. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

പരിപാലിക്കുന്നുണ്ട്. തടസ്സവാദം നിലനിൽക്കുന്ന ഖണ്ഡിക, നമ്പർ, ശീർഷകം എന്നിവ രേഖപ്പെടുത്തിയാൽ മതിയാകും. KFC Vol I Article 63 പ്രകാരം തന്നെ രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

28. വാല്യുബിൾ രജിസ്റ്റർ

പരിപാലിക്കുന്നുണ്ട്. 13.11.2019 ലും, 02.07.2020 ലും രണ്ട് വാല്യുബിൾസ് ലഭിച്ചിരിക്കുന്നത് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

29. സ്റ്റോക്ക് രജിസ്റ്ററുകൾ

മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ

താഴെ പറയും പ്രകാരം 5 മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കി ഓഫീസിൽ പരിപാലിക്കേണ്ടതാണ്. ആയത് തയ്യാറാക്കി റിപ്പോർട്ട് ചെയ്യുക.

1. ഫർണിച്ചറുകൾ / മറ്റ് ഉപകരണങ്ങൾ
2. ലാബ് ഉപകരണങ്ങൾ
3. കെമിക്കലുകൾ/ ഗ്ലാസ്സ് ഉപകരണങ്ങൾ
4. കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഇലക്ട്രോണിക്സ് ഉപകരണങ്ങളും
5. ലോക്കൽ പർച്ചേസ് മുഖേന വാങ്ങുന്ന ഉപകരണങ്ങൾ

30. **ഡിപ്പാർട്ട്മെന്റൽ സ്റ്റോക്ക് രജിസ്റ്ററുകൾ**

**ഫിസിക്സ്**

ഇൻവോയ്സ് നം., തീയതി , നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വേരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യുക.

**സുവോളജി**

വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പരാമർശം മേൽ പ്രസ്താവിതം.

**ഫിസിക്കൽ എഡ്യുക്കേഷൻ**

പേജ് കൗണ്ട് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഐറ്റം രേഖപ്പെടുത്തിയ പേജിലും സ്റ്റോക്ക് വേരിഫിക്കേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ശരിയായ രീതിയല്ല. സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് ആയി തന്നെ തയ്യാറാക്കേണ്ടതാണ്. ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

**ബോട്ടണി**

രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. മറുപടിയോടൊപ്പം ഹാജരാക്കുക.

**കെമിസ്ട്രി**

പരാമർശം മേൽ പ്രസ്താവിതം.

## ഭാഗം- 3

## പി.ഡി അക്കൗണ്ട്

### 1. ലബോറട്ടറി ഫീ

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 124159.00 | 160213.00 |
| വരവ് | 161890.00 | 186188.00 |
| ആകെ | 286049.00 | 346401.00 |
| ചിലവ് | 125836.00 | 176198.00 |
| നീക്കി ബാക്കി | 160213.00 | 170203.00 |

**2019-20**

2019 - 20 ലെ ലാബ് അക്കൗണ്ടിലെ ചെലവുകൾ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടിരിക്കുന്നു.

29.05.2020 തീയതിയിൽ Vr. No. 410 - Rs. 30,000/-

Vr. No. 411 – Rs. 50,000/-

Vr. No. 412 – Rs. 14,883/-

Vr. No. 413 – Rs. 14,942/-

-----------------------

Total - Rs. 109825/-

എന്നിങ്ങനെ 4 വൗച്ചറുകളിലായി തുക അനുവദിച്ചിരിക്കുന്നു. സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ടെണ്ടറിന് പകരമായി ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നു. മുൻപ് പല തവണ നിർദ്ദേശങ്ങൾ നൽകിയിട്ടും ഇത്തരത്തിൽ തെറ്റുകൾ ആവർത്തിക്കുന്നത് കൃത്യവിലോപമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ആവശ്യമാണ്.

16.06.2019 തീയതിയിൽ വൗച്ചർ നമ്പർ 94 പ്രകാരം നടത്തിയ 717/- രൂപയുടെ ബില്ലുകളും അനുബന്ധരേഖകളും ലഭ്യമല്ല.

04.02.2020 തീയതിയിൽ വൗച്ചർ നം. 314/19-20 പ്രകാരം 2888/- രൂപ പി.ഡി ലാ[illegible] അക്കൗണ്ടിൽ നിന്നും കെമിസ്ട്രി HOD ക്ക് നൽകിയിട്ടുണ്ട്. ഈ തുക വ്യക്തിഗത രജിസ്റ്ററിൽ ചേർത്തിട്ടില്ല. പി.ഡി അക്കൗണ്ട് എങ്ങനെ ക്രമപ്പെടുത്തി എന്നതിനെക്കുറിച്ച് വിശദീകരണം ആവശ്യമാണ്.

2019-2020 ലെ വ്യക്തിഗത രജിസ്റ്റർ പേജ് നം. 17 ൽ പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല.

05.02.2020ലെ പർച്ചേസ് കമ്മിറ്റി മിനിട്ട്സ് പ്രകാരം കെമിസ്ട്രി, ഫിസിക്സ്, സുവോളജി, ബോട്ടണി വിഭാഗങ്ങളിലേയ്ക്ക് ഉപകരണങ്ങളും കെമിക്കൽസും വാങ്ങുവാനും തീരുമാനമെടുത്തിരുന്നു. ആയതിൻ പ്രകാരം ഫിസിക്സ് വിഭാഗത്തിലേയ്ക്ക് 14.02.2020 തീയതി പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ടി ക്വട്ടേഷന്റെ കവറിന് പുറത്ത് തന്നെ rejected എന്ന് കാണിച്ചിരിക്കുന്നു. അവശേഷിക്കുന്ന ഒരു സ്ഥാപനത്തിന്റെ ക്വട്ടേഷൻ വച്ച് എപ്രകാരം പർച്ചേസ് നടത്തി എന്ന് വ്യക്തമാക്കണം. ക്വട്ടേഷനുകളിൽ ഒന്നിൽ പോലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ HOD യുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കൊന്നും തന്നെ സ്റ്റോർ പർച്ചേസ് മാന്വൽ പറയുന്ന പ്രകാരമുള്ള സപ്ലൈ ഓർഡർ നൽകിയിട്ടില്ല. ഇൻവോയ്സുകളൊന്നും പാസ്സാക്കിയിട്ടില്ല. ഫിസിക്സ്, സുവോളജി, കെമിസ്ട്രി വകുപ്പുകളുടെ ഇൻവോയ്സകളിൽ വ്യക്തമായ സ്റ്റോക്ക് [illegible] സർട്ടിഫിക്കറ്റ് ചേർത്തിട്ടില്ല. ബോട്ടണി ലാബിലേക്ക് സ്പെസിമെൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്വട്ടേഷനുകൾ വിശ്വാസയോഗ്യമല്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ടി ക്വട്ടേഷനുമായി ബന്ധപ്പെട്ട് ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല.

സ്പെസിമെൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ബില്ലിൽ HOD ശുപാർശ ചെയ്തിട്ടില്ല. തുക നൽകിയിട്ടുള്ള ഒരു ബില്ലിനോടൊപ്പവും പ്രിൻസിപ്പാളിന്റെ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

കൂടാതെ പർച്ചേസ് ചെയ്ത ഇനങ്ങളൊന്നും മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ടി രജിസ്റ്റർ പരിപാലിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

## Vr. No. 385/2020-21 dated 10.05.2021 Rs. 7850/-

ബോട്ടണി വകുപ്പിലേക്ക് സ്പെസിമെൻ വിതരണം ചെയ്യപ്പെട്ട വകയിൽ തുക കൈമാറിയിരിക്കുന്നു. 18.01.2021, 19.01.2021 തീയതികളിലായി 3 ക്വട്ടേഷനുകൾ ഒരേ കയ്യക്ഷരത്തിലായി സമർപ്പിക്കപ്പെട്ടിരുന്നു. ഇത് വിശ്വാസയോഗ്യമായ ക്വട്ടേഷനുകളല്ല.

ടി ക്വട്ടേഷൻ ടാബുലേറ്റ് ചെയ്ത തീയതി 06.01.2021 ആണ് . ഇത് എപ്രകാരം സാദ്ധ്യമായെന്ന് വ്യക്തമാക്കണം. വിശ്വാസയോഗ്യമായ വാങ്ങൽ പ്രക്രിയ അല്ലാത്തതിനാൽ 7850/- രൂപ പി.ഡി അക്കൗണ്ടിൽ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

| | | |
|---|---|---|
| Vr. No. 16 | - | 46400/- |
| Vr. No. 17 | - | 24900/- |
| Vr. No. 22 | - | 26000/- |
| Vr. No. 23 | - | 17800/- |
| Vr. No. 24 | - | 46500/- |

-----------------------------

161600

വാങ്ങൽ പ്രക്രിയ സെപ്റ്റംബർ 30 വരെ നീട്ടിയിട്ടും ടെണ്ടർ ക്ഷണിക്കാതെ പർച്ചേസ് നടത്തിയതിന്റെ വിശദീകരണം ആവശ്യമാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന വൗച്ചറുകളുമായി ബന്ധപ്പെട്ട ഇൻവോയ്സുകളൊന്നും ആവശ്യമായ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. ഫയലിൽ ആവശ്യമായ നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് മാനവലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ്. വാങ്ങൽ പ്രക്രിയകൾ നടത്തിയിരിക്കുന്നത്.

2. <u>ലൈബ്രറി</u>

| | 2019–20 | 2020–21 |
|---|---|---|
| മുൻബാക്കി | 100632.00 | 112423.00 |
| വരവ് | 96143.00 | 91573.00 |
| ആകെ | 196775.00 | 203996.00 |
| ചിലവ് | 84352.00 | 26212.00 |
| നീക്കി ബാക്കി | 112423.00 | 177784.00 |

**2019–20**

വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടത്തിയിട്ടില്ല.

## Vr. No. 130/19-20, dated 20.08.2019

Rs. 747/- ചിലവഴിച്ചിരിക്കുന്നു. എന്നാൽ Readers digest ന്റെ കവർ നോട്ട് പ്രകാരം 711 മാത്രമേ വരിസംഖ്യ ഉള്ളൂ. അധിക തുക തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

01.10.2019 തീയതിയിൽ 3660/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ വൗച്ചറിന് നമ്പർ ചേർത്തിട്ടില്ല.

ലൈബ്രറിയിലേയ്ക്ക് വരുത്തിയ പത്രമാസികകൾ, ജേർണൽസ്, പീരിയോഡിക്കൽസ് എന്നിവയുടെ തുക നൽകുന്നതിലേയ്ക്കായി ലൈബ്രേറിയന്റെ ശുപാർശ ഫയലിലില്ല. ലൈബ്രേറിയന്റെ ശുപാർശ കൂടാതെയാണ് തുകകൾ അനുവദിച്ചിരിക്കുന്നത്.

ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ആവശ്യമായ പർച്ചേസ് കമ്മിറ്റി മിനിററ്സിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന വിതരണ ഉത്തരവ് സ്റ്റോർ പർച്ചേസ് മാന്വലിൽ നൽകിയിരിക്കുന്ന മാതൃകയിലുള്ളതല്ല.

2020-21

**Vr. No. 05, dated 05.06.2020 Rs. 2008/-**

ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ടി തുക പി.ഡി അക്കൗണ്ടിൽ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കുക.

3. **സ്റ്റേഷനറി ഫീ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 28009.00 | 28094.00 |
| വരവ് | 39300.00 | 46340.00 |
| ആകെ | 67309.00 | 74434.00 |
| ചിലവ് | 39215.00 | 46042.00 |
| നീക്കി ബാക്കി | 28094.00 | 28392.00 |

2019-20

വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടത്തിയിട്ടില്ല.

Vr. No. 178/19-20, dated 25.10.2019 Rs. 2775/-

Vr. No. 181/19-20, dated 30.10.2019 Rs. 5400/-

Vr. No. 179/19-20, dated 28.10.2019 Rs.2480/-

Vr. No. 379/19-20, dated 20.03.2020 Rs. 9320/-

Vr. No. 406/19-20, dated 26.05.2020 Rs. 9340/-

Vr. No. 407/19-20, dated 26.05.2020 Rs. 9900/-

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന വിവിധ വൗച്ചറുകളിലൂടെ ലോക്കൽ പർച്ചേ ആയി ഓഫീസ് സ്റ്റേഷനറി വാങ്ങി കൂട്ടിയിരിക്കുന്നു. എന്നാൽ ലോക്കൽ പർച്ചേ ചട്ടങ്ങൾ പാലിച്ചിട്ടില്ല. പ്രിൻസിപ്പാളിന്റെ നടപടിക്രമങ്ങൾ ഇല്ല. പി.ഡി ചട്ടങ്ങളിൽ പറയുന്ന ആവശ്യങ്ങൾക്ക് വേണ്ടിയല്ല തുക ചെലവഴിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. പരീക്ഷ നടത്തിപ്പിനായി ആവശ്യമായ സാമഗ്രികൾ മാത്രമേ ഈ ഫണ്ട് ഉപയോഗിച്ച് വാങ്ങുവാൻ പാടുള്ളൂ എന്നിരിക്കെ ഇത്തരത്തിൽ ഫണ്ട് ദുരുപയോഗം ചെയ്തതിന് വിശദീകരണം ആവശ്യമാണ്. പി.ഡി ചട്ടങ്ങളിൽ പറയുന്ന ആവശ്യങ്ങൾക്ക് പുറമേയായി ചെലവഴിച്ച തുക പി.ഡി അക്കൗണ്ടിൽ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

**2020-21**

**Vr. No. 36/19-20, dated 19.06.2020**

4 ഡി.എഫ്.സി.ആർ ബുക്കുകൾ അച്ചടിച്ച വകയിൽ 2800/-രൂപ ചെലവഴിച്ചിരിക്കുന്നു. ചട്ടവിരുദ്ധമായി ചെലവഴിച്ച തുക പി.ഡി അക്കൗണ്ടിൽ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം. ലോക്കൽ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. പ്രിൻസിപ്പാളിന്റെ നടപടിക്രമങ്ങൾ ഇല്ല.

**Vr. No. 202/2020-21 dated 10.12.2020 Rs. 1500/-**

Letter Head അച്ചടിച്ചിരിക്കുന്നു. പരാമർശം മേൽ പ്രസ്താവിതം.

**Vr. No. 303/2020-21 dated 12.12.2021 Rs. 3000/-**

പി.ഡി ബുക്ക് അച്ചടിച്ച വകയിൽ 3000/ -രൂപ ചെലവഴിച്ചിരിക്കുന്നു. പാരമർശം മേൽ പ്രസ്താവിതം.

**Vr. No. 323/2020-21 dated 05.03.2021 Rs. 121/-**

കലണ്ടർ വാങ്ങിയിരിക്കുന്നു. പാരമർശം മേൽ പ്രസ്താവിതം.

**Vr. No. 373/2020-21 dated 13.04.2021 Rs. 1500/-**

Letter Pad അച്ചടിച്ച വകയിൽ 1500/ -രൂപ ചെലവഴിച്ചിരിക്കുന്നു. പാരമർശം മേൽ പ്രസ്താവിതം.

**Vr. No. 384/2020-21 dated 29.04.2021 Rs. 9970/-**

പേപ്പർ വാങ്ങിയതിന് ഒഴികെ ചെലവഴിച്ച തുക 2470/- രൂപ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം,

**Vr. No. 398/2020-21 dated 31.05.2021 Rs. 9005/-**

പേപ്പർ വാങ്ങിയതിന് ഒഴികെ ചെലവഴിച്ച തുക 805/- രൂപ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

**Vr. No. 397/2020-21 dated 31.05.2021, Rs. 9448/-**

ചട്ടവിരുദ്ധമായി ചെലവഴിച്ച തുക തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

**Vr. No. 396/2020-21 dated 31.05.2021, Rs. 8940/-**

പരാമർശം മേൽ പ്രസ്താവിതം

4. **മെഡിക്കൽ ഇൻസ്പെക്ഷൻ ഫീ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 34740.00 | 39225.00 |
| വരവ് | 4485.00 | 4230.00 |
| ആകെ | 39225.00 | 43455.00 |
| ചിലവ് | 0 | 0 |
| നീക്കി ബാക്കി | 39225.00 | 43455.00 |

**2019-20**

തുക ചിലവഴിക്കാത്തിതിന് വിശദീകരണം ആവശ്യമാണ്. വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടത്തിയിട്ടില്ല.

**2020-21**

തുക ചിലവഴിക്കാത്തിതിന് വിശദീകരണം ആവശ്യമാണ്.

## 5. സ്റ്റുഡന്റ്സ് എയ്ഡ് ഫീ

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 7980.00 | 8790.00 |
| വരവ് | 5310.00 | 7785.00 |
| ആകെ | 13290.00 | 16575.00 |
| ചിലവ് | 4500.00 | 7200.00 |
| നീക്കി ബാക്കി | 8790.00 | 9375.00 |

**2019-20**

വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത് ചട്ടപ്രകാരമല്ല. ആവശ്യമായ സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ ഫയലിലില്ല. ഭാവിയിൽ ഇത്തരത്തിൽ സമിതിയുടെ ശുപാർശ ഇല്ലാത്ത തുക അനുവദിക്കാൻ പാടില്ല.

**2020-21**

പാരമർശം മേൽ പ്രസ്താവിതം.

## 6. വുമൺ സ്റ്റഡി ഫീ

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 54355.00 | 60515.00 |
| വരവ് | 6160.00 | 7390.00 |
| ആകെ | 60515.00 | 67905.00 |
| ചിലവ് | 0 | 0 |
| നീക്കി ബാക്കി | 60515.00 | 67905.00 |

2019-20

പി.ഡി വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുക വിനിയോഗിക്കാത്തതിന് വിശദീകരണം ആവശ്യമാണ്.

2020-21

തുക ചിലവഴിക്കാത്തിതിന് വിശദീകരണം ആവശ്യമാണ്.

7. കലണ്ടർ ഫീ

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 17805.00 | 17915.00 |
| വരവ് | 24610.00 | 28845.00 |
| ആകെ | 42415.00 | 46760.00 |
| ചിലവ് | 24500.00 | 23000.00 |
| നീക്കി ബാക്കി | 17915.00 | 23760.00 |

2019-20

വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആവശ്യമായ വ്യക്തിഗത രജിസ്റ്റർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആവശ്യമായ ക്വട്ടേഷൻ നോട്ടീസ് ഫയലിലില്ല. ലഭ്യമായ പ്രചരണം ഉറപ്പ് വരുത്തിക്കൊണ്ടുള്ള ക്വട്ടേഷൻ നോട്ടീസ് ഫയലിലില്ല. ലഭ്യമായ ക്വട്ടേഷനുകളിൽ സ്വീകരിച്ച തീയതിയും സമയവും ചേർത്ത് പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല.

തുറന്ന ക്വട്ടേഷനകളിൽ തുറന്ന തീയതിയും സമയവും ചേർത്ത് പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല.

ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല.

ആവശ്യമായ വിതരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കൈപ്പറ്റ് രസീത് പ്രിൻസി... റദ്ദാക്കിയിട്ടില്ല. അച്ചടിക്കപ്പെട്ട കലണ്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കപ്പെട്ടി... വിശദീകരണം ആവശ്യമാണ്.

**2020-21**

ഫയൽ പരിശോധിച്ചു. അപാകതയില്ല.

8. **ഓഡിയോ വിഷ്വൽ ഫീ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 7634.00 | 7074.00 |
| വരവ് | 20840.00 | 24905.00 |
| ആകെ | 28474.00 | 31979.00 |
| ചിലവ് | 21400.00 | 24250.00 |
| നീക്കി ബാക്കി | 7074.00 | 7729.00 |

**2019-20**

**Vr. No. 415/19-20 dated 29.05.2020, Rs. 20,000/-**

Audio - visual Fund ൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 28.05.2020 ൽ ആഫീസ് സൂപ്രണ്ട് അപേക്ഷ നൽകിയിരിക്കുന്നു. ആയതിൻമേൽ പർച്ചേസ് കമ്മിറ്റി തീരമാനമൊന്നും കൂടാതെ 13.05.2020 ൽ ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിച്ചിരിക്കുന്നു. ടി നോട്ടീസിൽ ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 25.05.2020 ആണെന്ന് കാണിച്ചിരിക്കുന്നു.

എന്നാൽ ഇവിടെ സ്വീകരിക്കുന്ന ക്വട്ടേഷന്റെ സമർപ്പിച്ച തീയതി 27.05.2020 ആണ്. ഇത് തികച്ചും ക്രമവിരുദ്ധമാണ്. കൂടാതെ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ തീയതി ഇല്ല. പ്രിൻസിപ്പാൾ ഒപ്പ് വച്ചിട്ടില്ല. ആവശ്യമായ വിതരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആവശ്യമായ സ്റ്റോക്ക് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല. ഇൻവോയ്സുകൾ പാസ്സാക്കിയിട്ടി

ല്യൂ. കൈപ്പറ്റ് രസീത് റദ്ദാക്കിയിട്ടില്ല. ചട്ടവിരുദ്ധമായി ചെലവഴിച്ച തുക പി. ഡി അക്കൗണ്ടിൽ തിരിച്ചടച്ച് ചല്ലാൻ സമർപ്പിക്കണം.

**2020-21**

8950/- രൂപ, 15300/- രൂപ എന്നീ രണ്ട് തുകകൾ ചിലവഴിച്ചിരിക്കുന്നു. വൗച്ചർ നമ്പർ ചേർത്തിട്ടില്ല. കൈപ്പറ്റ് രസീത് ലഭ്യമല്ല. മേൽപ്പടി വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് എച്ച്. എ റിക്വസ്റ്റ് കൊടുത്തിരിക്കുന്നു. ഇത് ചട്ടവിരുദ്ധമാണ്. ടി അപേക്ഷയുടെ തീയതി 20.05.2021 ആണ്. ആയതിനെതുടർന്ന് പർച്ചേസ് കമ്മിറ്റി വിളിച്ചു കൂട്ടിയിട്ടില്ല. തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

ക്വട്ടേഷൻ നോട്ടീസിന്റെ തീയതി 05.05.2021 ആണ് ഇത് എപ്രകാരം സാദ്ധ്യമാകുമെന്ന് വ്യക്തമാക്കണം. ആവശ്യമായ വിതരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സ്റ്റോക്ക് സർട്ടിഫിക്കറ്റ് ഇൻവോയ്സിൽ ചേർത്തിട്ടില്ല. ക്വട്ടേഷനുകളിൽ തുറന്ന തീയതിയും സമയവും ചേർത്ത് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ക്വട്ടേഷൻ തുറക്കുന്ന തീയതി 24.05.2021 ആണ് എന്നാൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റിലെ തീയതി 21.05.2021 ആണ്. വിശദീകരണം ആവശ്യമാണ്.

9. **രജിസ്ട്രേഷൻ ഫീ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 89558.00 | 93288.00 |
| വരവ് | 3730.00 | 3760.00 |
| ആകെ | 93288.00 | 97048.00 |
| ചിലവ് | 0 | 0 |
| നീക്കി ബാക്കി | 93288.00 | 97048.00 |

സർക്കാർ വിഹിതം അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

## 10. ആഡ്മിഷൻ

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 165142.00 | 165992.00 |
| വരവ് | 23850.00 | 28600.00 |
| ആകെ | 188992.00 | 194592.00 |
| ചിലവ് | 23000.00 | 28000.00 |
| നീക്കി ബാക്കി | 165992.00 | 166592.00 |

**2019-20**

## Vr. No. 409/19-20, Rs. 23,000/-

വാട്ടർ കൂളർ വാങ്ങിയിരിക്കുന്നു. അപേക്ഷയുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് ഫയലിൽ സമർപ്പിച്ചിട്ടില്ല. പർച്ചേസ് കമ്മിറ്റി തീരുമാനം ഇല്ല. മൂന്ന് ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. ടാബുലേഷൻ നടത്തി കുറഞ്ഞ തുക രേഖപ്പെടുത്തിയ white mart എന്ന സ്ഥാപനത്തിന് സപ്ലൈ ഉത്തരവ് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. പ്രിൻസിപ്പാൾ പാസ്സാക്കിയിട്ടുണ്ട്. സ്റ്റാമ്പ് രസീത് ഉണ്ട്. മേൽ ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യുക.

**2020-21**

ഹെഡ് അക്കൗണ്ടന്റിന്റെ അപേക്ഷ പ്രകാരം ആഡിറ്റോറിയത്തിലേക്ക് കസേരകൾ വാങ്ങുവാൻ ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നു. പി.ഡി റൂൾ പ്രകാരം ഇത് അനുവദനീയമല്ല. ഈ റൂൾ അറിഞ്ഞിരിക്കേണ്ട ആഫീസ് ഹെഡ് ആയ ഹെഡ് അക്കൗണ്ടന്റ് തന്നെ ഇങ്ങനെ ഒരു അപേക്ഷ സമർപ്പിച്ചത് ക്രമവിരുദ്ധമാണ്. 3 ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. മേൽ പരാമർശം ബാധകം.

11. <u>അത്‌ലറ്റിക്സ്</u>

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 10177.00 | 10501.00 |
| വരവ് | 24650.00 | 66945.00 |
| ആകെ | 34827.00 | 77446.00 |
| ചിലവ് | 24326.00 | 0 |
| നീക്കി ബാക്കി | 10501.00 | 77446.00 |

<u>2019-20</u>

24326/- രൂപ ഈ ഇനത്തിൽ നിന്നും ചിലവഴിച്ചിരുന്നു.

**<u>Vr. No. 301, Rs. 10,000/-</u>**

Annual Athletic meet ന്റെ ചിലവിലേക്ക് കായികാദ്ധ്യാപകന് 10000/- രൂപ അഡ്വാൻസ് നൽകിയിരിക്കുന്നു.

**<u>Vr. No. 380, Rs. 2500/-</u>**

മേൽ അഡ്വാൻസിന്റെ ബാക്കി തുകയായി 2500/- രൂപ കായികാദ്ധ്യാപകന് നൽകി യിരിക്കുന്നു. എന്നാൽ 12500/- രൂപ ചിലവഴിച്ചതിന്റെ വൗച്ചറുകൾ ഒന്നും സമർപ്പി ച്ചിട്ടില്ല. എന്നാൽ ഈ ആവശ്യങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 3 ക്വട്ടേഷൻ കിട്ടിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. വിശദീകരണം നൽകുക.

**<u>Vr. No. 381, Rs. 1550/-</u>**

ആന്വൽ അത്‌ലറ്റിക് ദിനത്തിനായി സർട്ടിഫിക്കറ്റ് അച്ചടിച്ച വകയിൽ ചിലവഴിച്ചിരി ക്കുന്നു. ബില്ല് ഉണ്ട്. പാരമർശമില്ല.

**Vr. No. 382, Rs. 4500/-**

ആന്വൽ അത്‌ലറ്റിക് ദിനത്തിൽ സൗണ്ട് സിസ്റ്റത്തിനായി ചിലവഴിച്ചിരിക്കുന്നു. ബില്ല് സമർപ്പിച്ചിട്ടുണ്ട്. പാരമർശമില്ല.

**Vr. No. 383, Rs. 3276/-**

പാലാ അൽഫോൻസാ കോളേജിൽ വച്ച് നടന്ന അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് , ടി.എ, ഡി.എ അനുവദിച്ചിരിക്കുന്നു. പങ്കെടുത്ത സർട്ടിഫിക്കറ്റ്, യാത്രാവിവരണം, അക്വിറ്റൻസ് എന്നിവ സമർപ്പിച്ചിട്ടുണ്ട്. Room Rent, Halt allowance എന്നീ ഇനത്തിൽ 75/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 84/- രൂപ നൽകിയിരിക്കുന്നത് ക്രമപ്രകാരമല്ല. വിശദീകരണം നൽകുക.

**Vr. No. 384, Rs. 1800/-**

കോട്ടയം സി. എം. എസ് കോളേജിൽ വച്ച് നടന്ന വോളിബോൾ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് TA, DA നൽകിയിരിക്കുന്നു. പങ്കെടുത്ത സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. യാത്രാ വിവരണവും , അക്വിറ്റൻസും സമർപ്പിച്ചിട്ടുണ്ട്. പരാമർശമില്ല.

**Vr. No. 385, Rs. 700/-**

പാവനാത്മാ കോളേജിൽ വച്ച് നടന്ന ബോഡി ബിൽഡിംഗ് മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് TA, DA അനുവദിച്ചിരിക്കുന്നു. മേൽ പരാമർശം ബാധകം.

**2020–21**

ചിലവഴിക്കലുകൾ ഇല്ല.

12. **അസോസിയേഷൻ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 43758.00 | 47112.00 |
| വരവ് | 39415.00 | 46395.00 |
| ആകെ | 83173.00 | 93507.00 |
| ചിലവ് | 36061.00 | 0 |
| നീക്കി ബാക്കി | 47112.00 | 93507.00 |

**2019-20**

**Vr. No. 151/19-20, Rs. 4000/-**

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനായി ബാലറ്റ് പേപ്പർ അച്ചടിച്ച വകയിൽ ചിലവഴിച്ചിരിക്കുന്നു. സ്ഥാപനത്തിന്റെ ബില്ല് ഉണ്ട്. പ്രിൻസിപ്പാൾ പാസ്സാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷയും കൈപ്പറ്റ് രസീതും സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകുക.

**Vr. No. 160/19-20, Rs. 3200/-**

യൂണിയൻ തിരഞ്ഞെടുപ്പിനായി സ്റ്റേഷനറി വാങ്ങിയ വകയിൽ ചിലവഴിച്ചിരിക്കുന്നു. ബില്ല് പാസ്സാക്കിയിട്ടുണ്ട്. അപേക്ഷയും കൈപ്പറ്റ് രസീതും സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകുക.

**Vr. No. 159/19-20, Rs. 15000/-**

കോളേജ് യൂണിയൻ ഉത്ഘാടനത്തിനായി അഡ്വാൻസ് നൽകിയിരിക്കുന്നു. എന്നാൽ ടി തുക ആർക്ക് നൽകിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൈപ്പറ്റ് രസീത് ഇല്ല. ഇത് ക്രമീകരിച്ചുകൊണ്ടുള്ള ബില്ലുകൾ സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകുക.

**Vr. No. 160/19-20, Rs. 3200/-**

കോളേജ് യൂണിയൻ ഇലക്ഷന് അഡ്വാൻസ് നൽകിയിരിക്കുന്നു. മേൽ പരാമർശം ബാധകം.

**Vr. No. 310, Rs. 3950/-**

കോളേജ് യൂണിയൻ ആർട്സ് ഫെസ്റ്റിവൽന് സൗണ്ട് സിസ്റ്റം, ഫ്ലെകസ്, ബാഡ്ജ്, സ്റ്റേഷനറി എന്നിവ വാങ്ങുന്നതിനായി ചിലവഴിച്ചിരിക്കുന്നു. എന്നാൽ കോളേജിന്റെ പേരിലുള്ള ഒരു ബില്ലാണ് സമർപ്പിച്ചിരിക്കുന്നത്. ഇത് വാങ്ങിയ സ്ഥാപനങ്ങളുടെ ബില്ല് സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകുക.

**Vr. No. 311, Rs. 3911/-**

കോളേജ് യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫൈനൽ സെറ്റിൽമെന്റ് എന്ന നിലയിൽ കോളേജിന്റെ പേരിലുള്ള ബില്ല് സമർപ്പിച്ചിരുന്നു. എന്നാൽ ഏത് അഡ്വാൻസുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് ആണെന്ന് വ്യക്തമല്ല. ബില്ലുകൾ സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകുക.

13. **മാഗസിൻ**

| | 2019-20 | 2020-21 |
|---|---|---|
| മുൻബാക്കി | 79619.00 | 63078.00 |
| വരവ് | 67965.00 | 63955.00 |
| ആകെ | 147578.00 | 127033.00 |
| ചിലവ് | 84500.00 | 85000.00 |
| നീക്കി ബാക്കി | 63078.00 | 42033.00 |

Vr. No. 304, Rs. 84500/-

2018-19 ലെ മാഗസിൻ അച്ചടിച്ച വകയിൽ ചിലവഴിച്ചിരിക്കുന്നു. മാഗസിൻ അച്ചടിക്കുന്നത് സംബന്ധിച്ച് കോളേജ് കൗൺസിൽ തീരുമാനമില്ല. എഡിറ്റോറിയൽ

ബോർഡിനെ തീരുമാനിച്ചുകൊണ്ട് പ്രിൻസിപ്പാളിന്റെ നടപടിക്രമമില്ല. പരസ്യങ്ങളുടെ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനമില്ല. 13 പേരിൽ നിന്നും ശേഖരിച്ച 28500/- രൂപ പി.ഡി.യിൽ ഒടുക്കിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മുൻപ് ഗവൺമെന്റ് പ്രസ്സിലേക്ക് മാഗസിൻ അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട് കത്തെഴുതിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 3 ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. ടാബുലേഷൻ നടത്തി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അറയ്ക്കമെണ്ണിൽ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും മാഗസിൻ അച്ചടിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് സപ്ലൈ ഉത്തരവ് നൽകിയിട്ടില്ല. മാഗസിൻ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിട്ടില്ല. സ്ഥാപനത്തിന്റെ ബില്ല് ഉണ്ട്. ബിൽ പ്രിൻസിപ്പാൾ പാസ്സാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. കൈപ്പറ്റ് രസീത് ഉണ്ട്. എന്നാൽ സ്റ്റാമ്പ് പതിച്ചിട്ടില്ല. മേൽ ന്യൂനതകൾക്ക് വിശദീകരണം നൽകുക.

**2020–21**

**Vr. No. 359, Rs. 85000/-**

2019–20 ലെ മാഗസിൻ അച്ചടിച്ചിരിക്കുന്നു. മേൽ പരാമർശം ബാധകം.

14. **പി. ഡി വ്യക്തിഗത രജിസ്റ്റർ**

പരിപാലിക്കുന്നുണ്ട്. എന്നാൽ 2019–20 വർഷത്തെ വരവ് ചെലവ് കണക്കുകൾ പ്രിൻസിപ്പാൾ ഒപ്പിട്ടിട്ടില്ല.

15. **പി.ഡി കൺസോളിഡേറ്റഡ് രജിസ്റ്റർ**

പരിപാലിക്കുന്നില്ല. തയ്യാറാക്കി മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

16. **പി.ഡി ക്യാഷ്ബുക്ക്**

പരിപാലിക്കുന്നുണ്ട്. 31.03.2021 ൽ 14,25,980/- രൂപ ബാക്കി നലനിൽക്കുന്നു. ട്രഷറി ഓഫീസർ മേലൊപ്പ് വച്ച് സമർപ്പിച്ച ACBC Statement പ്രകാരം 31.03.2021 ന് 14,25,980/- രൂപ ആണ് Closing balance ആയി അവശേഷിക്കുന്നത് പി.ഡി ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. പരാമർശമില്ല.

17. **പി.ഡി ചെക്ക് ബുക്ക്**

01.02.2020 മുതൽ 28.02.2020 വരെ തുടർച്ചയായ ദിവസങ്ങളിൽ 10,000/- രൂപയും 50,000/- രൂപയും വച്ച് ആകെ 4,50,000/-രൂപ പിൻവലിച്ചിരിക്കുന്നു. പിൻവലിക്കുന്നതിനാവശ്യമായ വൗച്ചറുകൾ ഒന്നും പാസ്സാക്കാതെയാണ് ഈ തുക പിൻവലിച്ചിരുന്നത്. ഇത് ക്രമവിരുദ്ധമാണ്. വിശദീകരണം നൽകേണ്ടതാണ്.

18. **പി.ഡി ചെക്ക് വിത്ഡ്രോവൽ സാങ്ഷൻ രജിസ്റ്റർ**

പരിപാലിക്കുന്നുണ്ട്. അപാകതയില്ല.

19. **ചെക്ക് ഇഷ്യു രജിസ്റ്റർ**

പരിപാലിക്കുന്നുണ്ട്. അപാകതയില്ല.

## **RUSA - III**

ഈ സ്കീമിൽ 1,22,60,000/- രൂപ അനുവദിക്കപ്പെട്ടിരുന്നു. ആയതിൽ നിന്നും 60,69,475/- രൂപ ചെലവഴിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

P.M.U, B.O.G എന്നീ കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചു. അപാകതയില്ല.

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട T D S contractor ൽ നിന്നും ഈടാക്കി അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. എഗ്രിമെന്റിലെ വ്യവസ്ഥ '2' അനുസരിച്ച് 180 ദിവസത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. ഈ സമയ പരിധി അവസാനിച്ചോ എന്ന് വ്യക്തമാക്കണം.

RUSA - II മാർഗ്ഗരേഖ പ്രകാരം ഈ ഫണ്ടിന്റെ കണക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഈ കോളേജിൽ RUSA യുമായി ബന്ധപ്പെട്ട് ഒരു ക്യാഷ്ബുക്ക് പരിപാലിക്കുന്നുണ്ട്. ആകെ 60,69,475/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ക്യാഷ്ബുക്കിൽ

| | | |
|---|---|---|
| 13.08.2020 ൽ | Rs. 347875/- |
| 17.03.2021 ൽ | Rs. 1736582/- |
| 26.07.2021 ൽ. | Rs. 2501462/- |
| | ------------------------ |
| ആകെ | Rs. 4585919/- |

ചേർത്തതായി കാണുന്നുള്ളൂ. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യമാണ്.

ബന്ധപ്പെട്ട കോൺട്രാക്ടർക്ക് തുകകൾ കൈമാറിയിരിക്കുന്നത് Stage completion report ലഭ്യമായതിന് ശേഷമാണോയെന്ന് വ്യക്തമാക്കണം.

**SSP 2019-20**

ഫയലുകൾ പരിശോധിച്ചു. അപാകതയില്ല.

**W W S2019-20**

ഫയലുകൾ പരിശോധിച്ചു. അപാകതയില്ല.

താങ്കളുടെ കോളേജിലെ 01.06.2019 മുതൽ 31.05.2021 വരെയുള്ള കാലയളവിലെ വകുപ്പുതല പരിശോധനാ റിപ്പോർട്ട് മേൽ പറഞ്ഞ പ്രകാരം ഉപസംഹരിക്കുന്നു. റിപ്പോർട്ടിനുള്ള മറുപടി റിപ്പോർട്ട് കൈപ്പറ്റി 14 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

9/12

ഡോ. പ്രകാഷ് ആർ
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതലയുള്ള അസോസ്സിയേറ്റ് പ്രൊഫസർ.

എ.എം/24.11..2021

9/12/21

DEPUTY DIRECTOR OF COLLE